REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 03-09-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സെമികോൺ ഇന്ത്യ സമ്മേളനത്തിൽ സെമികണ്ടക്ടർ കമ്പനി CEO മാരുമായി സംവദിക്കും.
- രണ്ട് ദിവസത്തെ 56-ാമത് GST കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ തുടങ്ങും.
- സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപന തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.
- ഓണം വാരാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
- രാജ്യത്തെ ആദ്യ വയോജന കമ്മീഷൻ ഇന്ന് കേരളത്തിൽ ചുമതലയേൽക്കും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ സെമികോൺ ഇന്ത്യ 2025 കോൺഫറൻസിൽ സെമികണ്ടക്ടർ മേഖലയിലെ CEO മാരുടെ വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കും. ഇന്ത്യയുടെ സെമികണ്ടക്ടർ ആവാസവ്യവസ്ഥയെയും വളർച്ചയെയും വികസനത്തെയും കുറിച്ച് ചർച്ച ചെയ്യാനാണ് പ്രധാനമന്ത്രി പരിപാടിയിൽ സംബന്ധിക്കുന്നത്. CEO മാരുമായി മോദി സംവദിക്കും. ഇന്നലെയാണ് മൂന്ന് ദിവസത്തെ സെമികോൺ സമ്മേളനം യശോഭൂമിയിൽ നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തത്.

✪✪✪

**56-ാമത് GST കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ തുടങ്ങും. നികുതി നിരക്ക് ഏകീകരണം, നികുതി നടപടിക്രമങ്ങൾ ലളിതമാക്കൽ എന്നിവയടക്കം വരുംതലമുറ GST പരിഷ്ക്കരണമായിരിക്കും യോഗം പ്രധാനമായും ചർച്ച ചെയ്യുന്നത്. ധനമന്ത്രി നിർമ്മല സീതാരാമൻ രണ്ടു ദിവസത്തെ യോഗത്തിൽ അധ്യക്ഷയാകും.**

**സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി GST പരിഷ്ക്കരണം സംബന്ധിച്ച സൂചന നൽകിയിരുന്നു. സാധാരണക്കാർക്കും, ഇടത്തരക്കാർക്കും, MSME കൾക്കും ആശ്വാസം നൽകുന്ന GST പരിഷ്ക്കരണത്തിന്റെ അനിവാര്യത അദ്ദേഹം എടുത്തുപറഞ്ഞു. പുതുതലമുറ GST പരിഷ്ക്കരണത്തിന് ദീപാവലി ദിനത്തിൽ തുടക്കമിടും.**

**കഴിഞ്ഞ മാസം ചേർന്ന GST മന്ത്രിതല സംഘത്തിനു മുന്നിൽ ഗവൺമെന്റ് ചില പരിഷ്ക്കരണ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഘടനാപരമായ പരിഷ്ക്കരണം, നിരക്ക് ഏകീകരണം, ക്ലേശരഹിത ജീവിതം എന്നീ ലക്ഷ്യങ്ങളോടെയാണ് പരിഷ്ക്കരണം കൊണ്ടുവരുന്നത്.**

**✪✪✪**

**അങ്കണവാടി കേന്ദ്രങ്ങളെ സ്കൂളുകൾക്കൊപ്പം സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വനിതാ-ശിശു വികസന മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കും. അങ്കണവാടികളും സ്കൂളുകളും ചേർന്ന സംയോജിത മാതൃകയിലൂടെ ബാല്യകാല പരിചരണവും വിദ്യാഭ്യാസവും നൽകുന്നതിന്റെ പ്രാധാന്യം മാർഗ്ഗനിർദ്ദേശത്തിൽ ഉണ്ടാകും. രണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തിലധികം അങ്കണവാടി കേന്ദ്രങ്ങൾ ഇതിനകം സ്കൂളുകളുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്ന് മന്ത്രാലയം അറിയിച്ചു.**

**✪✪✪**

**സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപന തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ലേഖകൻ സ്മിതി M പള്ളുരുത്തി.**

**.....(വോയ്സ്).................**

**✪✪✪**

ഇന്നും, നാളെയും സപ്ലൈക്കോ വില്പന ശാലകളിൽ നിന്ന് 1,500 രൂപയ്ക്കോ അതിനു മുകളിലോ സബ്സിഡി ഇതര ഉത്പന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു ലിറ്റർ വെളിച്ചെണ്ണ 339 രൂപയ്ക്ക് നൽകുമെന്ന് മന്ത്രി G R അനിൽ അറിയിച്ചു. 389 രൂപ വിലവരുന്ന വെളിച്ചെണ്ണയാണ് പ്രത്യേക ഓഫറായി നൽകുന്നതെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

സെപ്റ്റംബറിലെ റേഷൻ വിഹിതം ഈ മാസം 30 വരെ കൈപ്പറ്റാൻ സമയം നൽകിയിട്ടുണ്ട്. മഞ്ഞ കാർഡുകാർക്ക് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം സെപ്റ്റംബർ 15 വരെ തുടരും. സ്മാർട്ട്, PDS സംവിധാനത്തിലേക്ക് വിവരങ്ങൾ പങ്കിടുന്ന പ്രക്രിയയെ തുടർന്നാണ് ഇന്നലെ റേഷൻ വിതരണം വൈകിയതെന്നും മന്ത്രി പറഞ്ഞു.

✪✪✪

നെൽ കർഷകർക്ക് ഉത്പാദന ബോണസ് നൽകാൻ നൂറ് കോടി രൂപ മുൻകൂർ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. ഈ വർഷം സംഭരിച്ച നെല്ലിന്റെ ഉത്പാദന ബോണസ് വിഹിതം സംസ്ഥാനം പൂർണമായും അനുവദിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് സംഭരിച്ച നെല്ലിന്റെ വില അനുവദിക്കാത്ത സാഹചര്യത്തിലാണ് സംസ്ഥാനം അധിക തുക നൽകുന്നതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഒരു ഗഡു ക്ഷാമബത്ത അനുവദിച്ചു. 2022 ജൂലൈ മുതൽ മുൻകാലപ്രാബല്യത്തോടെ DA ലഭിക്കും. ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സംഘങ്ങളിലെ ജീവനക്കാർക്ക് ആറ് ശതമാനവും, മറ്റ് സംഘങ്ങളിലെ ജീവനക്കർക്ക് ആനുപാതികമായും ക്ഷാമബത്തയിൽ വർദ്ധന ഉണ്ടായിരിക്കും.

✪✪✪

സംസ്ഥാനത്തെ ഓണം വാരാഘോഷത്തിന് ഇന്ന് തുടക്കമാകും. സംസ്ഥാനതല ചടങ്ങ് വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട്.

.....(വോയ്സ്)................

✪✪✪

**ഓണപൂജകൾക്കായി ശബരിമലയിൽ വൈകിട്ട് അഞ്ചിന് നട തുറക്കും. ഉത്രാടം, തിരുവോണം, അവിട്ടം നാളുകളിൽ സന്നിധാനത്ത് വിഭവസമൃദ്ധമായ ഓണസദ്യ സംഘടിപ്പിച്ചിട്ടുണ്ട്. പൂജകൾ പൂർത്തിയാക്കി ഞായറാഴ്ച രാത്രി 9-ന് നടയടക്കും.**

✪✪✪

**ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും സംരംഭകരെ സഹായിക്കാൻ കേന്ദ്രം ആവിഷ്ക്കരിച്ച പദ്ധതിയാണ് പ്രധാൻമന്ത്രി എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം. പദ്ധതിയിൽ വിജയം കണ്ട സംരംഭകനാണ് കണ്ണൂരിലെ KV പ്രേമരാജൻ.**

**കണ്ണൂരിൽ നിന്ന് KO ശശിധരന്റെ റിപ്പോർട്ട്**

**.....(വോയ്സ്)........**

✪✪✪

**രാജ്യത്തെ ആദ്യ വയോജന കമ്മീഷൻ ഇന്ന് കേരളത്തിൽ ചുമതലയേൽക്കും. മുൻ രാജ്യസഭാംഗവും കൊല്ലം ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ടുമായ K സോമപ്രസാദ് ചെയർപേഴ്സണായ അഞ്ചംഗ കമ്മീഷനാണ് സ്ഥാനമേൽക്കുന്നത്. തിരുവനന്തപുരത്ത് സെക്രട്ടറിയറ്റ് ദർബാർ ഹാളിൽ രാവിലെ സ്ഥാനാരോഹണച്ചടങ്ങും ആശംസാ സമ്മേളനവും മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും.**

**വയോജന ക്ഷേമം, അവകാശം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും, പുനരധിവാസ സഹായം ലഭ്യമാക്കാനുമാണ് വയോജന കമ്മീഷൻ നിലവിൽ വരുന്നതെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു.**

✪✪✪

**FIDE ഗ്രാൻഡ് സ്വിസ്-2025 ചെസ് ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിൽ ഇന്ന് ആരംഭിക്കും. ലോക നാലാം നമ്പർ താരമായ ഇന്ത്യയുടെ R പ്രഗ്നാനന്ദ ഓപ്പൺ വിഭാഗത്തിൽ മത്സരിക്കും. ലോക ചാമ്പ്യൻ D ഗുകേഷ്, അർജുൻ എറിഗേസി, നിലവിലെ ചാമ്പ്യൻ വിദിത് ഗുജറാത്തി എന്നിവരും ടീമിലുണ്ട്. ഓപ്പൺ വിഭാഗത്തിൽ ദിവ്യ ദേശ്മുഖ്, വനിതാ വിഭാഗത്തിൽ വൈശാലി രമേശ്ബാബു, വന്തിക അഗർവാൾ എന്നിവരും ഇന്ത്യക്കായി പോരാടും.**

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ, കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസിനെ, കൊച്ചി ബ്ലൂടൈഗേഴ്സ് മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു. മറ്റൊരു മത്സരത്തിൽ തൃശൂർ ടൈറ്റൻസിനെ, 17 റൺസിന് അദാനി ട്രിവാൻഡ്രം റോയൽസ് പരാജയപ്പെടുത്തി.

ഇന്ന് ഉച്ചയ്ക്ക് ആദ്യ മത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസ്, ആലപ്പി റിപ്പിൾസിനെ നേരിടും. വൈകിട്ട് രണ്ടാം മത്സരത്തിൽ ഏരീസ് കൊല്ലം സെയിലേഴ്സ്, കൊച്ചി ബ്ലൂ ടൈഗേഴ്സുമായി ഏറ്റുമുട്ടും.

✪✪✪

ഈ വർഷത്തെ ആറന്മുള ഉത്രട്ടാതി ജലമേളയിൽ കൂലി തുഴച്ചിൽക്കാരുമായി മത്സര വള്ളം കളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങളെ അയോഗ്യരാക്കുമെന്ന് പള്ളിയോട സേവാസംഘം ആറന്മുളയിൽ അറിയിച്ചു. പരമ്പരാഗത വേഷം ധരിച്ച് മാത്രമേ ജലോത്സവത്തിൽ പങ്കെടുക്കാവൂ എന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജലമേളയുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് ആറന്മുളയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. തിരുവോണത്തോണിയുടെ സുഗമ യാത്രയ്ക്ക് തടസ്സമില്ലാത്ത രീതിയിൽ മാത്രമേ പള്ളിയോടങ്ങൾ അകമ്പടി സേവിക്കാവൂ എന്നും നിർദ്ദേശമുണ്ട്.

✪✪✪

തിരുവനന്തപുരം ജില്ലയിലെ സ്വകാര്യ ആംബുലൻസ് ഡ്രൈവർമാരുടെ യോഗം വിളിച്ചു ചേർക്കാൻ ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. അപകടം പറ്റിയവരെ ആംബുലൻസ് ഡ്രൈവർമാർ സ്വകാര്യ ആശുപത്രികളിലേക്ക് കൊണ്ടുപോയി കമ്മീഷൻ കൈപ്പറ്റുന്നു എന്ന പരാതിയിലാണ് ഉന്നതതലയോഗം ചേർന്നത്. കുറ്റക്കാരായ ആംബുലൻസ് ഡ്രൈവർമാർക്കെതിരെ മോട്ടോർ വാഹന വകുപ്പ് നടപടിയെടുക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. തൊഴിൽവകുപ്പിന്റെ സവാരി മൊബൈൽ ആപ്ലിക്കേഷനിൽ ആംബുലൻസുകളെക്കൂടി ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മഴ

**സാധ്യത കണക്കിലെടുത്ത് ഇന്ന് തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.**

**കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.**

✪✪✪

**ആഗോള അയ്യപ്പ സംഗമത്തിന്റെ സ്വാഗതസംഘം ഓഫീസ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് ദേവസ്വം ബോർഡ് പ്രസിഡൻറ് P.S പ്രശാന്ത് ഉദ്ഘാടനം ചെയ്തു.ഈ മാസം 20 ന് പമ്പയിലാണ് ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കുന്നത്.**

✪✪✪

**അമീബിക് മസ്തിഷ്ക ജ്വരം ശാസ്ത്രീയമായും വേഗത്തിലും കണ്ടെത്താൻ സഹായിക്കുന്ന ഫേസ് കോൺട്രാസ്റ്റ് മൈക്രോസ്കോപ്പ് വാങ്ങാൻ മന്ത്രി A.K ശശീന്ദ്രന്റെ പ്രാദേശിക വികസന നിധിയിൽ നിന്ന് കോഴിക്കോട് മെഡിക്കൽ കോളേജിന് എട്ട് ലക്ഷം രൂപ അനുവദിച്ചു. രോഗം ശാസ്ത്രീയമായി തിരിച്ചറിയാനും, ഉടൻ ചികിത്സ ആരംഭിക്കാനും ഫോട്ടോ മൈക്രോഗ്രാഫ് സൗകര്യത്തോടു കൂടിയ ഉപകരണം സഹായിക്കും.**

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs : നിമിഷ ജി, സാലിം*
*DEO: ഷീബ*